## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 297** — **22.6.2012-ന് മറുപടിക്ക്**

### ഹരിതഗ്രാമം ശുചിത്വ ഗ്രാമം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. പി. മുഹമ്മദ്<br>,, ഷാഫി പറമ്പിൽ<br>,, അൻവർ സാദത്ത്<br>,, എ. റ്റി. ജോർജ്ജ് | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) ഹരിതഗ്രാമം ശുചിത്വഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ വരുന്ന 10-15 വർഷക്കാലയളവിൽ ഉണ്ടാകാവുന്ന മാലിന്യ പരിപാലന പ്രശ്നങ്ങളെ മുന്നിൽ കണ്ടുകൊണ്ട് അത്തരം പ്രശ്നങ്ങളെ പരിഹരിക്കുന്നതിനുള്ള വിപുലമായ കാമ്പയിൻ സംഘടിപ്പിക്കുകയെന്നതാണ് ശുചിത്വ ഗ്രാമം ഹരിത ഗ്രാമം പദ്ധതിയുടെ പ്രധാന ലക്ഷ്യം. 2015 ഓടുകൂടി കേരളത്തിലെ എല്ലാ ഗ്രാമങ്ങളും ശുചിത്വ ഹരിത ഗ്രാമങ്ങളാക്കി മാറ്റുന്നതിനു വിഭാവന ചെയ്യുന്ന പദ്ധതി എല്ലാ കുടുംബങ്ങൾക്കും കക്കൂസ്, ശുദ്ധ ജലം, ഖരദ്രവ മാലിന്യ സംസ്കരണ സംവിധാനം, നിലവിലുള്ള സംവിധാനങ്ങളുടെ അറ്റകുറ്റപ്പണി തുടങ്ങിയവ ലക്ഷ്യം വയ്ക്കുന്നു. മാലിന്യ പരിപാലന പ്രവർത്തനങ്ങളുടെ ഭാഗമായി ഉത്പാദിപ്പിക്കപ്പെടുന്ന ജൈവവളം ഉപയോഗിച്ച് ഗ്രാമ പഞ്ചായത്തുകളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുകയെ |

| | | | |
|---|---|---|---|
| | | | ന്നതും മറ്റൊരു ലക്ഷ്യമാണ്. |
| ബി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പിലാക്കുന്നത്, വിശദമാക്കുമോ; | ബി) | ശുചിത്വമിഷന്റെ പിന്തുണയോടെ ത്രിതല പഞ്ചായത്തുകളുടെ നേതൃത്വത്തിലായിരിക്കും പദ്ധതി നടപ്പിലാക്കുന്നത്. കൃഷി വകുപ്പ്, ജലവിഭവ വകുപ്പ് തുടങ്ങി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടേയും സേവനം ഇതിലേക്ക് പ്രയോജനപ്പെടുത്തുന്നതാണ്. |
| സി) | പദ്ധതി നടത്തിപ്പിനായി പഞ്ചായത്തുകളിൽ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | സി) | പദ്ധതി നടത്തിപ്പിനായി പഞ്ചായത്തു തലത്തിൽ ഏർപ്പെടുത്താനുദ്ദേശിക്കുന്ന സംവിധാനത്തിന്റെ വിശദാംശങ്ങൾ രൂപം നൽകി വരുന്നു. |
| ഡി) | ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ?<br>എങ്കിൽ വിശദമാക്കുമോ? | ഡി) | ഗുണഭോക്താവിന്റെ ആവശ്യം അനുസരിച്ചാണ് ബയോഗ്യാസ് പ്ളാന്റിന്റെ അളവ് തീരുമാനിക്കുന്നതെങ്കിലും വീട്ടിലെ മാലിന്യ ഉൽപാദനത്തിന്റെ അളവനുസരിച്ച് ഒരു ക്യൂബിക് മീറ്റർവരെയുള്ളവയ്ക്കാണ് സാധാരണ സബ്സിഡി നൽകുക. ഇതിനുള്ള സർക്കാർ ധനസഹായം പ്ളാന്റിന്റെ 75 ശതമാനം വരെ ആയിരിക്കും (50% സർക്കാർ 25% തദ്ദേശ സ്ഥാപനം). തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പ്രോജക്ടിനെ അടിസ്ഥാനപ്പെടുത്തിയാണ് ബയോ ഗ്യാസ് പ്ളാന്റുകൾ സ്ഥാപിക്കുന്നതിനുള്ള സഹായം ലഭ്യമാക്കുക. |

സെക്ഷൻ ഓഫീസർ